**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4847** **01-11-2021 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ പിൽഗ്രിം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ ഇലവീഴാ പൂഞ്ചിറ, ഇല്ലിക്കാക്കല്ല്, ശബരിമല തീർത്ഥാടന പാതയിലെ ഇടത്താവളങ്ങളായ കടപ്പാട്ടൂർ മഹാദേവ ക്ഷേത്രം, അന്തിനാട് മഹാദേവ ക്ഷേത്രം, ഭരണങ്ങാനം പള്ളി, രാമപുരത്തെ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടം എന്നിവിടങ്ങളിൽ പിൽഗ്രിം ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | പാലാ മണ്ഡലത്തിലെ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽകല്ല്, അന്തിനാട് മഹാദേവ ക്ഷേത്രം, രാമപുരത്തെ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടം എന്നിവിടങ്ങളിൽ നിലവിൽ പിൽഗ്രിം ടൂറിസം പദ്ധതികൾ വിഭാവനം ചെയ്തിട്ടില്ല. ശബരിമല തീർത്ഥാടന പാതയിലെ ഇടത്താവളങ്ങളായ കടപ്പാട്ടൂർ മഹാദേവ ക്ഷേത്രം, ഭരണങ്ങാനം പള്ളി എന്നിവിടങ്ങളിൽ പിൽഗ്രിം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായി "ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതി, കോട്ടയം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിരുന്നു. ഈ വർക്കുകൾക്കായി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡ് ടെൻഡർ നടപടികൾ പൂർത്തിയാക്കിയിരുന്നു. എന്നാൽ പ്രസ്തുത ആരാധനാലയങ്ങളിൽ നിന്നും പദ്ധതി ആരംഭിക്കുന്നതിനായുള്ള എൻ.ഒ.സി ലഭിക്കാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാതെ വരികയും പ്രസ്തുത പ്രവൃത്തികൾ ക്യാൻസൽ ചെയ്യുകയുമാണുണ്ടായത്. |

സെക്ഷൻ ഓഫീസർ